പാഠം 13

# മോശെയുടെ ഉയിർത്തെഴുന്നേല്പ്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: സംഖ്യാ. 20:1–13; ആവ. 31:2; 34:4; 34:1–12; യൂദാ. 9; 1 കൊരി. 15:13–22.**

**മനഃപാഠവാക്യം: "എന്നാൽ പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ചുവാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവ് നിന്നെ ഭർത്സിക്കട്ടെ എന്നു പറഞ്ഞതേ ഉള്ളൂ" (യൂദാ 9).**

ഈ ക്വാർട്ടറിലുടനീളം നാം കണ്ടതുപോലെ, ആവർത്തനപുസ്തകത്തിലെ മുഖ്യ വ്യക്തി മോശെയാണ്. അവന്റെ ജീവിതം, സ്വഭാവം, അവന്റെ ദൂതുകൾ എന്നിവ പുസ്തകത്തിലുടനീളം വ്യാപിച്ചുകിടക്കുന്നു, ആവർത്തനപുസ്തകം യിസ്രായേൽ ജനത്തോടുള്ള (am yisrael) ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും ആണെങ്കിലും ആ സ്നേഹത്തെ വെളിപ്പെടുത്തുന്നതിനും അവന്റെ ജനമായ യിസ്രായേലിനോടു സംസാരിക്കുന്നതിനും ദൈവം പലപ്പോഴും മോശെയെ ഉപയോഗിച്ചു. ഇപ്പോൾ, നാം ഈ ക്വാർട്ടറിന്റെയും ആവർത്തനപഠനത്തിന്റെയും അവസാനത്തിൽ എത്തിയിരിക്കുമ്പോൾ, മോശെയുടെ ജീവിതത്തിന്റെ, കുറഞ്ഞത് ഇവിടത്തെ ജീവിതത്തിന്റെ അവസാനത്തിൽ നാം എത്തുകയാണ്.

എലൻ വൈറ്റ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "മോശെ ഏകനായി മരിക്കേണ്ടിയിരിക്കുന്നു എന്ന് താൻ അറിഞ്ഞിരുന്നു; തന്റെ അവസാന മണിക്കൂറുകളിൽ തനിക്കു ശുശ്രൂഷ ചെയ്യുവാൻ ഒരു ഭൗമിക സ്നേഹിതനും അനുവദിക്കപ്പെടുകയില്ല. തന്റെ മുമ്പിലുണ്ടായിരുന്ന ദൃശ്യങ്ങൾ നിമിത്തം അവന്റെ ഹൃദയം ചുരുങ്ങിപ്പോകുന്നതിന് ഒരു നിഗൂഢതയും ഭയങ്കരത്വവുമൊന്നുമില്ലായിരുന്നു. തന്റെ സംരക്ഷണത്തിലും സ്നേഹത്തിലുമായിരുന്നവരും തന്റെ ജീവിതവും താല്പര്യവും ഏകീകരിക്കപ്പെട്ടിരുന്നതുമായ ജനത്തിൽനിന്നുമുള്ള വേർപാടായിരുന്നു തന്റെ ഏറ്റവും കഠിനമായ പരീക്ഷ. എന്നാൽ ദൈവത്തിൽ ആശ്രയിക്കുവാൻ താൻ പഠിച്ചിരുന്നു. എതിർപ്പില്ലാത്ത വിശ്വാസത്തോടുകൂടി മോശെ തന്നെയും തന്റെ ജനത്തെയും ദൈവത്തിന്റെ സ്നേഹത്തിനും കരുണയ്ക്കുമായി സമർപ്പിച്ചിരുന്നു." പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 470, 471.

മോശെയുടെ ജീവിതവും ശുശ്രൂഷയും ദൈവത്തിന്റെ സ്വഭാവത്തെ വളരെയധികം വെളിപ്പെടുത്തിയതുപോലെതന്നെ, അവന്റെ മരണവും ഉയിർപ്പും വെളിപ്പെടുത്തിയത്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 25 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## മോശെയുടെ പാപം: ഭാഗം ഒന്ന്

വീണ്ടും വീണ്ടും, അവരുടെ വിശ്വാസത്യാഗത്തിനും മരുഭൂപ്രയാണത്തിനും മദ്ധ്യേ പോലും യിസ്രായേൽ മക്കളെ ദൈവം അത്ഭുതകരമാംവിധം പോറ്റിപ്പുലർത്തി. അതായത്, അവർ എങ്ങനെയൊക്കെ അയോഗ്യരായിരുന്നെങ്കിലും (പലപ്പോഴും അവർ ആ വിധത്തിൽ ആയിരുന്നു) ദൈവത്തിന്റെ കൃപ അവരുടെമേൽ ചൊരിയപ്പെട്ടിരുന്നു. നാമും ഇന്ന് ഇതിന് എത്രത്തോളം അയോഗ്യരായിരിക്കുന്നെങ്കിലും നാം അവന്റെ കൃപയുടെ സ്വീകർത്താക്കളാണ്. എന്നിരിക്കിലും നാം അർഹതപ്പെട്ടവരാണെങ്കിൽ അത് കൃപയാകുകയില്ല, അങ്ങനെയല്ലേ?

മരുഭൂമിയിൽവച്ച് ദൈവം അത്ഭുതകരമായി സമൃദ്ധിയോടെ ഭക്ഷണം നല്കിയതിനുപുറമേയുണ്ടായ ദൈവകൃപയുടെ മറ്റൊരു പ്രകടനമായിരുന്നു വെള്ളം. പ്രത്യേകിച്ച് വരണ്ടതും ചൂടേറിയതും നിർജ്ജനവുമായ മരുഭൂമിയിൽ അതുകൂടാതെ അവർ പെട്ടെന്നു നശിച്ചുപോകുമായിരുന്നു. ആ അനുഭവത്തെപ്പറ്റി പൗലൊസ് ഇങ്ങനെ എഴുതി: “എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു. അവരെ അനുഗമിച്ച ആത്മികപാറയിൽനിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു” (1 കൊരി. 10:4). എലൻ ജി. വൈറ്റും ഇങ്ങനെ കൂട്ടിച്ചേർത്തു: “അവരുടെ യാത്രയിൽ എപ്പോഴെല്ലാം വെള്ളം ആവശ്യമായിരുന്നുവോ, അപ്പോഴെല്ലാം അവരുടെ പാളയത്തിനരികെ പാറയുടെ പിളർപ്പുകളിൽനിന്നും വെള്ളം ചാടിയിരുന്നു.” പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 411.

**സംഖ്യാ. 20:1–13 വായിക്കുക. ഇവിടെ സംഭവിച്ചതെന്തായിരുന്നു. മോശെ ചെയ്തതിന്റെമേൽ തനിക്കുണ്ടായ ദൈവത്തിന്റെ ശിക്ഷയെ നാമെങ്ങനെ മനസ്സിലാക്കുന്നു?**

ഒരു നിലയിൽ, മോശെയുടെ ഇച്ഛാഭംഗം കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നത് അത്ര പ്രയാസമല്ല. അടയാളങ്ങളും അത്ഭുതങ്ങളും അത്ഭുതമുളവാക്കുന്ന വീണ്ടെടുപ്പും എന്നുതുടങ്ങി ദൈവം അവർക്കുവേണ്ടി ചെയ്ത സകലവുമായി അവർ ഇപ്പോൾ വാഗ്ദത്തനാടിന്റെ അതിർത്തിയിൽ എത്തിയിരിക്കുകയാണ്. പിന്നെ എന്താണ് സംഭവിച്ചത്? പെട്ടെന്ന് അവർക്കു വെള്ളമില്ലാതെ വരുകയും അഹരോനും മോശെയ്ക്കുമെതിരേ ഗൂഢാലോചന നടത്തുവാൻ ആരംഭിക്കുകയും ചെയ്തു. മുമ്പ് പലസമയങ്ങളിലും ചെയ്തതുപോലെ, വെള്ളം പ്രദാനം ചെയ്യുവാൻ ദൈവത്തിനു കഴിയാത്തതുകൊണ്ടായിരുന്നുവോ? തീർച്ചയായും അല്ല; അവനു കഴിയുമായിരുന്നു. അവൻ വീണ്ടും ചെയ്യുവാൻ പോകുകയായിരുന്നു.

എങ്ങനെയായിരുന്നാലും, രണ്ടു പ്രാവശ്യം അടിച്ചപ്പോഴും മോശെയുടെ വാക്കുകൾ നോക്കുക: “മത്സരികളേ, കേൾപ്പിൻ; ഈ പാറയിൽനിന്ന് ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ?” (സംഖ്യാ. 20:10). “മത്സരികളേ” എന്നു വിളിക്കുവാൻ തുടങ്ങിയതുകാരണം ഒരുവന് തന്റെ സ്വരത്തിലുള്ള കോപം മനസ്സിലാക്കുവാൻ കഴിയും. മോശമായതും എന്നാൽ മനസ്സിലാക്കത്തക്കതുമായ അവന്റെ കോപംതന്നെയായിരുന്നില്ല പ്രശ്നം. എന്നാൽ “ഈ പാറയിൽനിന്ന് ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ?” എന്ന് പറഞ്ഞതിലായിരുന്നു. ഇത് തനിക്കോ മറ്റേതെങ്കിലും മനുഷ്യർക്ക് ഒരു പാറയിൽനിന്ന് വെള്ളം കൊണ്ടുവരു

വാൻ കഴിയുന്നതുപോലെയാണ്. അങ്ങനെയുള്ള ഒരു അത്ഭുതം സാധ്യമാകുന്നത് ദൈവം മനുഷ്യരുടെയിടയിൽ ഒരു അത്ഭുതം പ്രവർത്തിച്ചിട്ടുമാത്രമേയുള്ളൂ എന്നത് തന്റെ കോപത്തിൽ, താൻ മറന്നുപോയതുപോലെയാണ്. മോശെയും സകല മനുഷ്യരും അത് അറിയണമായിരുന്നു.

**എപ്പോഴൊക്കെയാണ്, കോപം ജ്വലിക്കുന്ന ഒരു വേളയിൽ, കോപം നീതീകരിക്കപ്പെടുന്നു എന്ന് വിശ്വസിക്കുന്നുണ്ടെങ്കിലും നാം പറയുകയോ കാര്യങ്ങൾ ചെയ്യുകയോ ചെയ്യുന്നത്? അതിനുപകരം അത് നിർത്തിയിട്ട് തെറ്റ് പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനുമുമ്പ് പ്രാർത്ഥനയോടെ ദൈവശക്തി ആരായുന്നതിന് എങ്ങനെ നമുക്കു പഠിക്കുവാൻ കഴിയും?**

## മോശെയുടെ പാപം: ഭാഗം രണ്ട്

വീണ്ടും സംഖ്യാ 20:12,13 വായിക്കുക. മോശെയ്ക്കു പോകുവാൻ കഴിയാതിരുന്നത് താൻ എന്ത് ചെയ്തതുകൊണ്ടാണ് എന്നതിനെപ്പറ്റി ദൈവം എന്തു പ്രത്യേക കാരണമാണ് മോശെയ്ക്കു കൊടുത്ത്? ആവ. 31:2; 34:4 എന്നിവ കൂടി വായിക്കുക.

ഈ വാക്യമനുസരിച്ച്, ദൈവത്തിന്റെ സ്ഥാനമെടുക്കുവാൻ മോശെയുണ്ടാക്കിയ സ്വന്ത പ്രയത്നത്തെക്കാളുമധികം പാപം തനിക്കുണ്ട്. മോശെ ഒരു വിശ്വാസക്കുറവുംകൂടെ കാണിച്ചു. അത് മോശെയെപ്പോലുള്ള ഒരുവന് നീതീകരിക്കുവാൻ കഴിയാത്തതാണ്. എന്നിരിക്കിലും, എരിയുന്ന മുൾപടർപ്പുമുതൽ (പുറ. 3:2-16) അധികംപേരിൽനിന്നും വ്യത്യസ്തമായി, ദൈവവുമായി ഒരു അനുഭവമുണ്ടായിരുന്നത് ഈ മനുഷ്യനായിരുന്നു. എന്നിട്ടും ഈ വാക്യമനുസരിച്ച് മോശെ "എന്നെ വിശ്വസിച്ചില്ല" അതായത്, ദൈവം പറഞ്ഞിരുന്നതിൽ താൻ ഒരു വിശ്വാസക്കുറവ് കാണിച്ചു. തത്ഫലമായി യിസ്രായേൽമക്കളുടെ മുമ്പിൽ "എന്നെ വിശുദ്ധീകരിക്കുവാൻ" പരാജയപ്പെട്ടു എന്നു ദൈവം പറയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മോശെ തന്റെ ആത്മവിശ്വാസം നിലനിർത്തുകയും തന്റെ സ്വന്തവിശ്വാസം കാണിച്ചുകൊണ്ട് അവരുടെ വിശ്വാസത്യാഗത്തിനു മദ്ധ്യേ ദൈവത്തിൽ ആശ്രയിക്കുകയും ശരിയായതു ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ, ജനത്തിനുമുന്നിൽ തനിക്കു ദൈവത്തെ മഹത്വപ്പെടുത്തുവാനും യഥാർത്ഥ വിശ്വാസവും അനുസരണവും എന്താണെന്നുള്ളതിന് വീണ്ടും ഒരു മാതൃകയാകുവാനും കഴിയുമായിരുന്നു.

ചെയ്യുവാൻ തക്കവണ്ണം മോശെയോട് ദൈവം പ്രത്യേകിച്ച് പറഞ്ഞിരുന്നതിനോട് താൻ എങ്ങനെ അനുസരണക്കേട് കാണിച്ചു എന്നു നോക്കുക.

**വായിക്കുക: സംഖ്യാ. 20:8. എന്തു ചെയ്യുവാനാണ് ദൈവം മോശെയോട് പറഞ്ഞിരുന്നത്, പകരം താൻ എന്തു ചെയ്തു? (സംഖ്യാ. 20:9-11)?**

"യഹോവ കല്പിച്ചതുപോലെ" മോശെ വടി എടുത്തു എന്ന് വാക്യം 9 പറയുന്നു. ഇതുവരെയും വളരെ നന്നായിരുന്നു. വിസ്മയിപ്പിക്കുന്ന ദൈവശക്തിയുടെ ഒരു പ്രകടനമെന്നവിധം വെള്ളം ഒഴുകുമായിരുന്ന പാറയോട് കല്പിക്കുന്നതിനുപകരം, മോശെ അതിനെ അടിച്ചു. ഒരിക്കലല്ല, രണ്ടു പ്രാവശ്യം. അതേ, പാറയെ അടിക്കുകയും അതിൽനിന്ന് വെള്ളം വരുകയും ചെയ്യുന്നത് അത്ഭുതകരമാണ്. എന്നാൽ അത് തീർച്ചയായും അതിനോട് കല്പിക്കുകയും അത് സംഭവിക്കുന്നത് കാണുകയും ചെയ്യുന്നതുപോലെ അത്ഭുതകരമല്ല.

തീർച്ചയായും, പുറമേ നോക്കുമ്പോൾ മോശെയുടെ മേലുണ്ടായ ദൈവശിക്ഷ കഠിനമായിപ്പോയി എന്നു തോന്നുമായിരിക്കാം: എന്നിരിക്കിലും വാഗ്ദത്തദേശത്തിലേക്കു പ്രവേശിക്കുന്നതിന് മോശെയെ അനുവദിക്കുവാൻ പോകുന്നില്ല. ഈ കഥ പറഞ്ഞിരുന്ന കാലത്തോളം അനിഷ്ടമായ ഒരു പ്രവൃത്തികാരണം, ഇത്രയും നാൾ നോക്കിപ്പാർത്തിരുന്നത് തനിക്കു നിരാകരിക്കപ്പെട്ടു എന്നതിൽ ജനം ആശ്ചര്യപ്പെട്ടിരുന്നു.

**മോശെയ്ക്കു എന്തുസംഭവിച്ചു എന്നതിൽനിന്നും യിസ്രായേൽമക്കൾ എന്തു പാഠം പഠിക്കണമായിരുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?**

## മോശെയുടെ മരണം

പാവപ്പെട്ട മോശെ! ഇതുവരെ വന്നതിനുശേഷം ഇവയിലൊക്കെക്കൂടെ കടന്നുപോയതിനുശേഷം അനേക നൂറ്റാണ്ടുകൾക്കുമുമ്പ് അബ്രാമിനോടു ചെയ്ത വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ പുറത്താക്കപ്പെടുകമാത്രം: "നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കും" (ഉല്പത്തി 12:7).

**വായിക്കുക: ആവ. 34:1-12. മോശെയ്ക്ക് എന്തു സംഭവിച്ചു. എന്തൊരു പ്രത്യേക മനുഷ്യനായിരുന്നു മോശെ എന്നു കണിക്കുന്ന എന്താണ് ദൈവം അവനെക്കുറിച്ചു പറഞ്ഞത്?**

"തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തോടൊപ്പം കഷ്ടം സഹിക്കുന്നതിനുവേണ്ടി താൻ രാജകീയബഹുമതികൾ വേണ്ടെന്നു വയ്ക്കുകയും പ്രതീക്ഷനല്കുന്ന മിസ്രയീം രാജ്യം ഉപേക്ഷിക്കുകയും ചെയ്ത സമയം മുതൽ തന്റെ ജീവിതത്തിലുണ്ടായ അവസ്ഥാന്തരങ്ങളും കഷ്ടപ്പാടുകളും മോശെ ഏകാന്തതയിൽ പുനരവലോകനം ചെയ്തു. യിത്രോവിന്റെ ആട്ടിൻകൂട്ടത്തോടൊപ്പം മരുഭൂമിയിൽ ചിലവിട്ട നീണ്ട നാളുകളും എരിയുന്ന മുൾപ്പടർപ്പിൽ ദൂതൻ പ്രത്യക്ഷപ്പെട്ടതും യിസ്രായേലിനെ വിടുവിക്കുന്നതിനുണ്ടായ വിളിയും താൻ ഓർത്തു. തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടിയുണ്ടായ ദൈവശക്തിയുടെ ശക്തമായ അത്ഭുതങ്ങളും, അവരുടെ പ്രയാണകാലത്തും മത്സരനാളുകളിലും ഉണ്ടായ അവന്റെ ദീർഘക്ഷമയും കരുണയും വീണ്ടുമവൻ ദർശിച്ചു. അവർക്കുവേണ്ടി ദൈവം ചെയ്തവയും തന്റെ പ്രാർത്ഥനയും അദ്ധ്വാനവുമൊക്കെ ഉണ്ടായിരുന്നെങ്കിൽതന്നെയും മിസ്രയീം വിട്ടുപോന്ന മുതിർന്നവരുടെ ഒരു വലിയ സൈന്യനിരയിൽ വാഗ്ദത്തനാട്ടിൽ പ്രവേശിക്കുന്നതിന് വിശ്വസ്തരായി കാണപ്പെട്ടത് വെറും രണ്ടുപേർ മാത്രമായിരുന്നു. തന്റെ അദ്ധ്വാനത്തിന്റെ ഫലങ്ങളും തന്റെ പരിശോധനനിറഞ്ഞ ജീവിതവും ത്യാഗവും താൻ അവലോകനം ചെയ്തപ്പോൾ ഇവയെല്ലാം ഏതാണ്ട് വൃഥാവിലായതുപോലെ തോന്നി." എലൻ വൈറ്റ്, പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 471, 472.

വളരെ താല്പര്യകരമായ ഒന്ന് ആവ. 34:4 പറയുന്നു: "അബ്രാഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും: ഞാൻ നിന്റെ സന്തതിക്കു കൊടുക്കുമെന്ന് സത്യം ചെയ്ത ദേശം ഇതുതന്നെ." ഈ ദേശം കൊടുക്കുന്നതിനെക്കുറിച്ച് ഗോത്രപിതാക്കന്മാരോടും അവരുടെ മക്കളോടും വീണ്ടും വീണ്ടും പറഞ്ഞതിൽനിന്നും ദൈവം ഏതാണ്ട് വാക്കിനു വാക്കായുള്ള ഭാഷ ഉപയോഗിക്കുകയായിരുന്നു. ഇപ്പോൾ ദൈവം മോശെയോട് ആവർത്തിക്കുന്നു.

"ഞാൻ അതു നിന്റെ കണ്ണിനു കാണിച്ചുതന്നു; എന്നാൽ നീ അവിടേക്കു കടന്നുപോകയില്ല" എന്നും ദൈവം പറഞ്ഞു (ആവ. 34:4). മോവാബിൽനിന്ന് ദാൻ, അവിടെനിന്ന് നഫ്താലി എന്നിങ്ങനെ ദൈവം ചൂണ്ടിക്കാണിച്ചുകൊടുത്തവയെല്ലാം സാധാരണ കാഴ്ചയിൽ, മോശെ നിന്നിരുന്ന സ്ഥലത്തുനിന്ന് കാണുവാൻ കഴിയുകയില്ലായിരുന്നു. ഇതിനെ എലൻ വൈറ്റ് വ്യക്തമാക്കുന്നു: ഇത് അസാധാരണമായ ഒരു വെളിപ്പാടായിരുന്നു. ദേശത്തെ മാത്രമല്ല, എന്നാൽ അവർ കൈവശമാക്കിയതിനുശേഷം എങ്ങനെ കാണപ്പെടും എന്നതും കൂടിയായിരുന്നു.

ഒരർത്ഥത്തിൽ, ഇതു ദൈവം മോശെയെ കളിയാക്കുകയായിരുന്നതുപോലെ തോന്നുന്നു: നീ അനുസരിക്കേണ്ടിയിരുന്ന വിധത്തിൽ എന്നെ ഒന്ന് അനുസരിച്ചിരുന്നെങ്കിൽ, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും ചെയ്തിരുന്നെങ്കിൽ, നിനക്ക് ഇവിടെ ആയിരിക്കുവാൻ കഴിയുമായിരുന്നു. പകരം ഇതെല്ലാമായിട്ടും മോശെയ്ക്കു തെറ്റ് ഉണ്ടായിരുന്നിട്ടും ദൈവം പിതാക്കന്മാരോടും യിസ്രായേലിനോടുതന്നെ ചെയ്ത ഉടമ്പടി വാഗ്ദത്തങ്ങളോടു വിശ്വസ്തനായിരിക്കുകയാണെന്ന് ദൈവം മോശെയ്ക്കു കാണിച്ചുകൊടുക്കുകയായിരുന്നു. നാം കാണുന്നതുപോലെ ദൈവത്തോടു വിശ്വസ്തനായിരുന്ന എന്നാൽ കുറവുണ്ടായിരുന്ന ദാസനുവേണ്ടി നല്ലതൊന്ന് ദൈവത്തിന്റെ കലവറയിലുണ്ടായിരുന്നു.

## മോശെയുടെ ഉയിർത്തെഴുന്നേല്പ്

"അങ്ങനെ യഹോവയുടെ ദാസനായ മോശെ... എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല" (ആവ. 34:5,6). മോശെ മരിച്ചിട്ടുകൂടി, യിസ്രായേലിന്റെ ചരിത്രത്തിൽ താൻ അത്ര മുഖ്യമായിരുന്നു. യിസ്രായേലിൽ മാത്ര മല്ല, സഭയിലും യെഹൂദാ ദൈവാലയത്തിലും തന്റെ എഴുത്തുകൾ ഇന്നും ജീവിക്കുന്നു.

മോശെ മരിച്ചു, അടക്കപ്പെട്ടു, ജനം വിലപിച്ചു, അത് അത്രതന്നെ. തീർച്ചയായും, വെളിപ്പാടുകാരന്റെ വാക്കുകളുടെ തത്വം ഇവിടെ നടപ്പിലാകുന്നു: "ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു" (വെളി. 14:13). എന്നിരുന്നാലും, മോശെയുടെ ജീവിതകഥയിൽ മോശെയുടെ മരണം ഒരു അവസാന അദ്ധ്യായമായിരുന്നില്ല.

**യൂദാ 9 വായിക്കുക. ഇവിടെ എന്താണ് സംഭവിക്കുന്നത്. പിന്നീട് പുതിയനിയമത്തിൽ മോശെയുടെ പ്രത്യക്ഷപ്പെടൽ വിശദീകരിക്കുവാൻ ഈ വാക്യം എങ്ങനെ സഹായിക്കുന്നു?**

ഒരു മിന്നൊളി മാത്രമേ നമുക്ക് നല്കപ്പെട്ടിട്ടുള്ളൂ എങ്കിലും എന്തൊരു അവിശ്വസനീയമായ ദൃശ്യമാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ക്രിസ്തുതന്നെയായ മീഖായേൽ, മോശെയുടെ ശരീരത്തെ സംബന്ധിച്ച് സാത്താനുമായി തർക്കിച്ചു. എങ്ങനെയായിരുന്നു ഈ തർക്കം? മോശെ ഒരു പാപിയായിരുന്നു എന്നതിൽ സംശയമില്ല. വാസ്തവത്തിൽ, ദൈവത്തിന്റേതായിരുന്ന മഹത്വം തന്റെമേൽ എടുത്തതായിരുന്നു അവസാനം അറിയപ്പെട്ട തന്റെ പാപം. "ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നു ലൂസിഫർ പറഞ്ഞത് ഒന്നാമതായി ലൂസിഫർ സ്വർഗ്ഗത്തിൽനിന്നും പുറന്തള്ളപ്പെടാൻ കാരണമാക്കി. വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന പുനരുത്ഥാനത്തിനുവേണ്ടി ക്രിസ്തു ഇപ്പോൾ അവകാശം ഉന്നയിച്ചതു കാരണമായിരുന്നിരിക്കണം തന്റെ ശരീരത്തിനുവേണ്ടി തർക്കമുണ്ടായത്.

ദൈവത്തിന്റെ കല്പന ലംഘിച്ച ഒരു പാപിയായ മോശെയ്ക്കുവേണ്ടി അതു ചെയ്യുവാൻ ക്രിസ്തുവിന് എങ്ങനെ കഴിയും? ഉത്തരം തീർച്ചയായും ക്രൂശു മാത്രമാണ്. എല്ലാ മൃഗബലികളും ക്രിസ്തുവിന്റെ മരണത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഇപ്പോൾ കർത്താവ് വളരെ വ്യക്തമായി, ക്രൂശിനെ നോക്കിക്കൊണ്ട്, ഉയിർപ്പിക്കുന്നതിന് മോശെയുടെ ശരീരത്തെ അവകാശപ്പെട്ടു. "പാപത്തിന്റെ അനന്തരഫലമായി മോശെ സാത്താന്റെ അധീനതയിൽ വന്നിരുന്നു. തന്റെ സ്വന്തം യോഗ്യതയിൽ താൻ മരണത്തിന്റെ നിയമപ്രകാരമുള്ള അടിമയായിത്തീർന്നു. എന്നാൽ വീണ്ടെടുപ്പുകാരന്റെ നാമത്തിലുള്ള പദവി പിടിച്ചുകൊണ്ട് അവൻ അമർത്യമായ ജീവിതത്തിലേക്ക് ഉയിർപ്പിക്കപ്പെട്ടു. മഹത്വീകരിക്കപ്പെട്ടവനായി ശവക്കല്ലറയിൽനിന്ന് മോശെ പുറത്തു വരുകയും തന്റെ വീണ്ടെടുപ്പുകാരനോടൊപ്പം ദൈവത്തിന്റെ നഗരത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തു." എലൻ വൈറ്റ്, പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 479.

**ക്രൂശിനുമുമ്പുപോലും മോശെ അമർത്യതയിലേക്ക് ഉയിർപ്പിക്കപ്പെട്ടു എന്ന രക്ഷാപദ്ധതിയുടെ ആഴം മനസ്സിലാക്കുന്നതിന് മോശെയുടെ ഈ ചരിത്രം എങ്ങനെയാണ് സഹായിക്കുന്നത്?**

## നമ്മുടെയെല്ലാവരുടെയും പുനരുത്ഥാനം

പുതിയനിയമത്തിൽ നല്കപ്പെട്ടിരിക്കുന്ന അധികമായ വെളിച്ചത്തോടുകൂടി, വാഗ്ദത്തനാട്ടിൽനിന്നും മോശെ ഒഴിവാക്കപ്പെട്ടത് ഒരു അതീവ ശിക്ഷപോലെ കാണപ്പെടുന്നില്ല. ഒരു ഭൗതിക കനാനിനും പിന്നീട് ഒരു ഭൗമിക യെരൂശലേമിനും പകരം (ചരിത്രത്തിൽ നാമെല്ലാം അറിയുന്നതുപോലെ യുദ്ധം, കീഴടക്കൽ, കഷ്ടത എന്നിവയുടെയെല്ലാം ഒരു സ്ഥലം), "സ്വർഗ്ഗീയ യെരൂശലേം" (എബ്രാ. 12:22) ഇപ്പോൾ മോശെയുടെ ഭവനമായിരിക്കുന്നു. തീർച്ചയായും വളരെ നല്ല ഒരു വാസസ്ഥലം.

മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ബൈബിളിൽ ആദ്യമായി അറിയപ്പെടുന്ന ഉദാഹരണമാണ് മോശെ. ഹാനോക്കിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയത് മരണം കാണാതെയായിരുന്നു (ഉല്പത്തി 5:24). ഏലീയാവും അതുപോലെതന്നെ (2 രാജാ. 2:11). എന്നാൽ എഴുതപ്പെട്ടിരിക്കുന്ന വചനരേഖകളനുസരിച്ച് നിത്യജീവങ്കലേക്കു പുനരുത്ഥാനം ചെയ്യപ്പെട്ട ആദ്യവ്യക്തി മോശെയായിരുന്നു. മോശെ നിലത്തെ പൊടിയിൽ എത്രനാൾ നിദ്രകൊണ്ടിരുന്നു എന്നത് നമുക്കറിഞ്ഞുകൂടാ. എന്നാൽ തന്നെ സംബന്ധിച്ചിടത്തോളം അതൊരു വിഷയമായിരുന്നില്ല. മരണത്തിൽ താൻ കണ്ണടച്ചു. അത് മൂന്നു മണിക്കൂറിനായിരുന്നാലും 300 വർഷത്തിനായിരുന്നാലും, തന്നെ സംബന്ധിച്ചിടത്തോളം അത് ഒന്നുതന്നെയായിരുന്നു. ചരിത്രത്തിലുടനീളം മരിച്ച മനുഷ്യർക്കെല്ലാം ഇത് ഒന്നുതന്നെയാണ്. അവരുടെ അനുഭവം മോശെയുടേതിനെക്കാളും വ്യത്യസ്തമൊന്നുമല്ല. മരണത്തിൽ നാം കണ്ണടയ്ക്കുന്നു. അടുത്ത് നാം അറിയുന്ന കാര്യം യേശുവിന്റെ വീണ്ടുംവരവാണ്. അല്ലെങ്കിൽ, ദൗർഭാഗ്യമെന്നു പറയട്ടെ, അന്ത്യന്യായവിധിയായിരിക്കും (വെളി. 20:7-15).

**1 കൊരി. 15:13-22 വായിക്കുക. ഇവിടെ എന്ത് മഹൽ വാഗ്ദത്തമാണ് കാണപ്പെടുന്നത്. മരിച്ചവർ പുനരുത്ഥാനംവരെ ക്രിസ്തുവിൽ നിദ്രകൊള്ളുകയാണ് എന്നു നാം മനസ്സിലാക്കുന്നു എങ്കിൽ മാത്രമേ പൗലൊസിന്റെ വാക്കുകൾ, അർത്ഥവത്താകുന്നുള്ളൂ എന്നത് എന്തുകൊണ്ടാണ്?**

പുനരുത്ഥാനത്തിന്റെ പ്രത്യാശയില്ലെങ്കിൽ നമുക്കു പ്രത്യാശയേയില്ല. നമ്മുടെ പുനരുത്ഥാനത്തിന് ഉറപ്പുതരുന്നത് ക്രിസ്തുവിന്റെ ഉയിർപ്പാണ്. നമ്മുടെ യാഗക്കുഞ്ഞാട് എന്നവിധം ക്രൂശിൽ "നമ്മുടെ പാപങ്ങൾക്കു പരിഹാരം" ഉണ്ടാക്കിയശേഷം (എബ്രാ. 1:3) ക്രിസ്തു മരിക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ ഉയിർപ്പുകാരണം വീഴ്ച ഭവിച്ചവരുടെ കൂട്ടത്തിൽ മരിച്ചവരിൽനിന്ന് ആദ്യം ഉയിർത്ത മോശെയോടൊപ്പം നമുക്കു നമ്മുടേതായ ഉറപ്പുണ്ട്. ക്രിസ്തു എന്തുചെയ്യുമെന്നുള്ളതുകാരണം മോശെ ഉയിർപ്പിക്കപ്പെട്ടു. ക്രിസ്തു എന്തുചെയ്തു എന്നള്ളതുകാരണം നാമും ഉയിർപ്പിക്കപ്പെടും. അങ്ങനെ അവസാനം മോശെ തെറ്റിപ്പോയെങ്കിലും വിശ്വസ്തതയുടെയും ദൈവാശ്രയത്തിന്റെയും ഒരു ജീവിതത്തിൽ വെളിപ്പെട്ട വിശ്വാസത്താലുള്ള രക്ഷയുടെ ഒരു മാതൃക നമുക്കു മോശെയിൽ കണ്ടെത്തുവാൻ കഴിയുന്നു. ആവർത്തനപുസ്തകത്തിലുടനീളം മോശെ ഇതേ വിശ്വസ്തതയ്ക്കു ദൈവജനത്തെ ആഹ്വാനം ചെയ്യുന്നത് കാണുവാൻ കഴിയുന്നു. വാഗ്ദത്തനാടിന്റെ അതിർത്തിയിൽ എത്തിച്ചേർന്നിരിക്കുന്ന നമുക്കും അവർക്കു നല്കപ്പെട്ടിരിക്കുന്ന അതേ കൃപ നല്കപ്പെട്ടിരിക്കുന്നു.

**ഇതേ ദൈവംതന്നെ നമ്മെയും വിശ്വസ്തതയ്ക്കായി വിളിക്കുന്നില്ലയോ? ആവർത്തനപുസ്തകത്തിൽ മോശെ മുൻകൂട്ടി ഏതു തെറ്റിനെപ്പറ്റി മുന്നറിയിപ്പു തന്നിരിക്കുന്നുവോ അതേ തെറ്റ് നാം ഉണ്ടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നമുക്ക് എന്തുചെയ്യുവാൻ കഴിയും?**

## കൂടുതൽ പഠനത്തിന്:

"ഈ പാറയിൽനിന്നു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ?" എന്ന് അവർ നിലവിളിച്ചപ്പോൾ, മാനുഷിക ബലഹീനതകളും കാമവികാരങ്ങളുമുള്ള ഈ മനുഷ്യർക്ക് അവരിൽതന്നെ ശക്തിയുണ്ട് എന്നവിധം അവർ അവരെ ദൈവത്തിന്റെ സ്ഥാനത്ത് ആക്കുകയാണ് ചെയ്തത്. ജനത്തിന്റെ തുടർച്ചയായ പിറുപിറുപ്പും മത്സരവും കാരണം ക്ഷീണിതനായ അവസ്ഥയിൽ മോശെയ്ക്കു തന്റെ സർവ്വശക്തനായ സഹായകന്റെ ദൃശ്യം നഷ്ടമാകുകയും ദിവ്യസഹായം കൂടാതെ മാനുഷിക ബലഹീനതയുടെ ഒരു പ്രദർശനത്തിലൂടെ തന്റെ ഏറ്റവും മികച്ച പ്രകടനം താറുമാറാകുവാൻ ഇടയായി. തന്റെ വേലയുടെ അന്ത്യത്തിൽ നിർമ്മലനും ഉറപ്പുള്ളവനും നിസ്വാർത്ഥനുമായി നില്ക്കുവാൻ കഴിയുമായിരുന്ന മനുഷ്യൻ അവസാനം പരാജയപ്പെട്ടു. ദൈവം മഹത്വപ്പെടേണ്ടിയും ഉയർത്തപ്പെടേണ്ടിയുമിരുന്ന യിസ്രായേലിന്റെ സഭാമുമ്പാകെ അവൻ അപമാനിക്കപ്പെട്ടു." എലൻ വൈറ്റ്, പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 418.

"മറുരൂപമലയിൽ, രൂപാന്തരപ്പെട്ട ഏലിയാവിനോടൊപ്പം മോശെ സന്നിഹിതനായിരുന്നു. പിതാവിൽനിന്ന് പുത്രനിലേക്കു വെളിച്ചവും തേജസ്സും കൊണ്ടുവന്നവരായിരുന്നു അവർ. അങ്ങനെ അനേക നൂറ്റാണ്ടുകൾക്കുമുമ്പ് മോശെ അർപ്പിച്ച പ്രാർത്ഥന അവസാനം നിറവേറപ്പെട്ടു. യിസ്രായേല്യർക്കു നല്കപ്പെട്ടിരുന്ന സകല വാഗ്ദത്തങ്ങളും ആരിൽ കേന്ദ്രീകരിച്ചുവോ, ആയവനു സാക്ഷ്യം വഹിച്ചുകൊണ്ട്, തന്റെ ജനത്തിന്റെ അവകാശത്തിൽ, ആ മനോജ്ഞദേശത്ത് അവൻ നിന്നു. സ്വർഗ്ഗം അത്ര ഉന്നതമായി മാനിച്ച ആ മനുഷ്യന്റെ ചരിത്രത്തിൽ അവൻ അവസാനമായി മനുഷ്യദൃഷ്ടിക്കു പ്രത്യക്ഷപ്പെട്ടത് ആ രീതിയിലായിരുന്നു." പുറം. 479.

## ചർച്ചാചോദ്യങ്ങൾ

1. ഒരർത്ഥത്തിൽ, മോശെയുടെ മരണം കഴിഞ്ഞയുടൻതന്നെ അവനെ ഉയിർപ്പിച്ച് സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. എന്നാൽ അതേസമയം, പാവപ്പെട്ട മോശെ (നമ്മുടെ അനുമാനം) ഇവിടെ താഴെയുള്ള സംഗതികളുടെ ഭയങ്കരമായ അടുക്കും ചിട്ടയുമില്ലായ്മയ്ക്കു സാക്ഷിയായിത്തീരുവാൻ ഇവിടെയായിരിക്കുന്നു. ഈ ഭൂമിയിലെ എല്ലാ ബദ്ധപ്പാടുകളും അവസാനിച്ചതിനുശേഷം, കുറഞ്ഞത് രണ്ടാം വരവിനുമുമ്പ്, ഉയിർത്തെഴുന്നേല്ക്കുകയാണെങ്കിൽ നമ്മിലധികം പേരും എത്ര ഭാഗ്യമുള്ളവരാണ്. അപ്പോൾ മോശെ അനുഭവിച്ചതിനെക്കാളും ഇതൊരു മഹാനുഗ്രഹമായിത്തീരുന്നത് എങ്ങനെയാണ്?

2. പലപ്പോഴും പഴയനിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണെങ്കിലും മോശെയുടെ മരണത്തിന്റെ ചരിത്രവും പിന്നീട് പുനരുത്ഥാനവും പുതിയനിയമം പഴയനിയമത്തെക്കാളും അപ്പുറം കൊണ്ടുപോകുന്നു എന്നും അതിന്മേൽ അധികവെളിച്ചവും പകരുവാൻ വാസ്തവത്തിൽ കഴിയുമെന്നും എങ്ങനെ കാണിക്കുന്നു?

3. അരിശംപൂണ്ട ഒരു സമയത്ത് മോശെ പാറയെ അടിച്ചതുൾപ്പെടെ തന്റെ ജീവചരിത്രം വിശ്വാസത്താൽ ജീവിക്കുക എന്നതിനും വിശ്വാസത്താൽ രക്ഷിക്കപ്പെടുക എന്നതിനും ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ, അത് എന്ത് അർത്ഥമാക്കുന്നു എന്നുള്ളതിനും എങ്ങനെ ഒരു മാതൃകയാകുന്നു?

4. കാലത്തിന്റെ അന്ത്യത്തിലെ പുനരുത്ഥാനത്തിന്റെ വാഗ്ദത്തത്തെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുക. നമ്മുടെ സകലപ്രത്യാശയ്ക്കും ഇത് എന്തുകൊണ്ട് അത്ര മുഖ്യമായിരിക്കുന്നു? ഇതിൽ നമുക്കു ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയുകയാണെങ്കിൽ, അതായത് മരണത്തിൽനിന്നും നമ്മെ ഉയിർപ്പിക്കുന്നതിൽ മറ്റെല്ലാറ്റിനും അവനെ ആശ്രയിക്കുവാൻ നമുക്കു കഴിയുകയില്ലയോ? എന്നിരിക്കിലും നമുക്കുവേണ്ടി അവനത് ചെയ്യുവാൻ കഴിയുകയാണെങ്കിൽ അവന് കഴിയാത്തതെന്താണ്?